**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2829** **24-02-2026 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ കരയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻകരയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തി എൻ.സി.സി.ആർ. ഷോർലൈൻ മാനേജ്മെന്റ് പ്ലാനും അന്തിമ റിപ്പോർട്ടും സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ കരയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തി Shore Line Management Plan – ന്റെ അന്തിമ റിപ്പോർട്ട് 10/09/2025 ന് NCCR-ൽ നിന്ന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറിയിട്ടുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ അന്തിമമാക്കുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മിഷൻ ഡയറക്ടറേറ്റ് വഴി ഏഷ്യൻ ഡവലപ്മന്റ് ബാങ്കിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായുള്ള (എഡിബി) ചർച്ചകളെത്തുടർന്ന് "കേരള സുസ്ഥിര തീരദേശ സംരക്ഷണ, കാലാവസ്ഥ പ്രതിരോധ ആസൂത്രണ പദ്ധതിയുടെ (പിപിആർഐഡി- 11669)" ഭാഗമായി കേരളത്തിൽ അതിതീവ്ര തീരശോഷണം നേരിടുന്ന വൈപ്പിൻകര ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിൽ തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തത്വത്തിൽ ഉള്ള ഭരണാനുമതിക്കായി സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറിൽ നിന്ന് ലഭിച്ച പ്രൊപ്പോസൽ, സർക്കാർ IR1/132/2024-ജവിവ നമ്പർ ഫയലിൽ പരിശോധിച്ച് എഡിബി (ADB) ധനസഹായം ലഭിക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. |
| (സി) | ഇതു സംബന്ധിച്ച ജലവിഭവ വകുപ്പിൽ തുടരുന്ന ഫയലി(ഐ.ആർ.1/132/2024)ന്റെ പുരോഗതി വിശദമാക്കാമോ? | (സി) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായുള്ള (എഡിബി) ചർച്ചകളെത്തുടർന്ന് "കേരള സുസ്ഥിര തീരദേശ സംരക്ഷണ, കാലാവസ്ഥ പ്രതിരോധ ആസൂത്രണ പദ്ധതിയുടെ (പിപിആർഐഡി- 11669)" ഭാഗമായി കേരളത്തിൽ അതിതീവ്ര തീരശോഷണം നേരിടുന്ന വൈപ്പിൻകര ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തത്വത്തിൽ ഉള്ള ഭരണാനുമതിക്കായി സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറിൽ നിന്ന് ലഭിച്ച പ്രൊപ്പോസൽ, സർക്കാർ IR1/132/2024-ജവിവ നമ്പർ ഫയലിൽ പരിശോധിച്ച് എഡിബി (ADB) ധനസഹായം ലഭിക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ